**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1422** **18-01-2021 - ൽ മറുപടിയ്ക്ക്**

**ഭൂവിനിയോഗ നയരൂപീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | **Shri E. Chandrasekharan**<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | 2018, 2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൻറെ പശ്ചാത്തലത്തിൽ ഭൂവിനിയോഗം സംബന്ധിച്ച് നയം രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഇതിലേക്കായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | 2019 ഏപ്രിൽ 30 ന് ചേർന്ന RKI (Rebuild Kerala Initiative)യുടെ മൂന്നാമത് കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാനത്തിന്റെ ഭൂവിനിയോഗ നയരൂപീകരണം അന്തിമമാകുന്നത് പരിശോധിക്കുന്നതിനായി ശ്രീ. ടി.കെ.എ. നായർ അദ്ധ്യക്ഷനായ ഒരു ഉപസമിതി രൂപീകരിക്കുന്നതിനും ടി ഉപസമിതിയിലേക്ക് ഭൂവിനിയോഗ കമ്മീഷണറേയും ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിന്റെ പ്രതിനിധിയേയും കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ടി.കെ.എ. നായരുമായി ഭൂവിനിയോഗ ബോർഡ് ചർച്ചകൾ നടത്തിയിരുന്നു. വകുപ്പ് മുൻപ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച കരട് ഭൂവിനിയോഗ നയത്തിന്റെ പകർപ്പും 2018ലെ പ്രളയത്തിന്റെ സാഹചര്യത്തിൽ ഭൂവിനിയോഗ നയത്തിൽ ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച വിശദമായ ഒരു കുറിപ്പും ശ്രീ. ടി.കെ. എ. നായർക്ക് ഭൂവിനിയോഗ ബോർഡ് സമർപ്പിച്ചു. കൂടാതെ 2018-ലെ പ്രളയാനന്തരം ഭാരതപ്പുഴയുടെ നദീതടത്തിൽ ഭൂവിനിയോഗ ബോർഡും ഹരിതകേരളം മിഷനും ചേർന്ന് നടത്തിയ ഫീൽഡ് പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിക്ക് മുൻപാകെ അവതരിപ്പിക്കുകയും റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നയരൂപീകരണത്തിന്റെ ഭാഗമായി ഈ രംഗത്തെ വിദഗ്ധരും പൊതുജനങ്ങളുമായി ചർച്ചകൾ നടത്താൻ തീരുമാനിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (ബി) | 2019 ഏപ്രിൽ 30 ന് ചേർന്ന RKI (Rebuild Kerala Initiative)യുടെ മൂന്നാമത് കമ്മിറ്റിയുടെ തീരുമാന പ്രകാരം സംസ്ഥാനത്തിന്റെ ഭൂവിനിയോഗ നയരൂപീകരണം അന്തിമമാകുന്നത് പരിശോധിക്കുന്നതിനായി ശ്രീ. ടി.കെ.എ. നായർ അദ്ധ്യക്ഷനായ ഒരു ഉപസമിതി രൂപീകരിക്കുന്നതിനും ടി ഉപസമിതിയിലേക്ക് ഭൂവിനിയോഗ കമ്മീഷണറേയും ആസൂത്രണ സാമ്പത്തികകാര്യ |

| | | | |
|---|---|---|---|
| | | | വകുപ്പിന്റെ പ്രതിനിധിയേയും കൂടി ഉൾപ്പെടുത്തുന്നതിന് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ ശ്രീ.ടി.കെ.എ. നായരുമായി ഭൂവിനിയോഗ ബോർഡ് ചർച്ചകൾ നടത്തിയിരുന്നു. വകുപ്പ് മുൻപ് തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച കരട് ഭൂവിനിയോഗ നയത്തിന്റെ പകർപ്പും 2018ലെ പ്രളയത്തിന്റെ സാഹചര്യത്തിൽ ഭൂവിനിയോഗ നയത്തിൽ ഉൾക്കൊള്ളിക്കേണ്ട വിഷയങ്ങൾ സംബന്ധിച്ച വിശദമായ ഒരു കുറിപ്പും ശ്രീ. ടി.കെ. എ. നായർക്ക് ഭൂവിനിയോഗ ബോർഡ് സമർപ്പിച്ചു. കൂടാതെ 2018-ലെ പ്രളയാനന്തരം ഭാരതപ്പുഴയുടെ നദീതടത്തിൽ ഭൂവിനിയോഗ ബോർഡും ഹരിതകേരളം മിഷനും ചേർന്ന് നടത്തിയ ഫീൽഡ് പഠനത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ട് നിയമസഭയുടെ പരിസ്ഥിതി കമ്മിറ്റിക്ക് മുൻപാകെ അവതരിപ്പിക്കുകയും റിപ്പോർട്ട് കൈമാറുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ